# നാളികേരം : നിങ്ങൾക്കു ചെയ്യാവുന്നത്

നാളികേരമാണ് ഇപ്പോഴും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് എന്ന് കേരളീയർ സംശയലേശമേന്യ മനസ്സിലാക്കിയിരിക്കുന്നു. പാമോയിൽ ബഹിഷ്കരണ പ്രസ്ഥാനം ഒരു ജനകീയപ്രസ്ഥാനമായി മാറി കേരളത്തിലാകെ വ്യാപിക്കുന്നത് ഈ തിരിച്ചറിവിന്റെ ഫലമാണ്. അങ്ങിനെ പതിറ്റാണ്ടുകൾക്കുശേഷം സമുദായവും പാർട്ടിയും മാറ്റിവെച്ച്, കേരളീയരെന്ന ഒറ്റ വികാരത്തിന്റെ പുറത്ത് ജനങ്ങൾ ഒരു പ്രതിഷേധസമരത്തെ നെഞ്ചേറ്റിയിരിക്കുകയാണ്. ഈ സമരത്തിന്റെ പങ്കാളിയും പ്രചാരകനമാവുക എന്നത് നമ്മളോരോരുത്തരുടേയും കടമയാണ്. വാക്കുകൊണ്ടും പ്രവൃത്തി കൊണ്ടും മനോഭാവം കൊണ്ടും ഈ സമരത്തിൽ സഹകരിക്കുക.

നാളികേരത്തിന്റെ വിലയിടിവ് കേരളീയനെ സംബന്ധിച്ചിടത്തോളം ഒരു സ്വയംകൃതാനർത്ഥമാണ് - അവനവൻ തന്നെ കുത്തിയ കുഴി. വേരു മുതൽ പൂവുവരെ എല്ലാ ഭാഗങ്ങളും ഉപയോഗയോഗ്യമായ കല്പവൃക്ഷമായിരുന്നു നമ്മുടെ മുൻതലമുറ വരെ തെങ്ങ്. വാനവർ നാട്ടിൽ നിന്നും മനുഷ്യരെ സഹായിക്കാൻ മണ്ണിലേക്കിറങ്ങിവന്ന ഒരു അവതാരവൃക്ഷമായിരുന്നു നമ്മുടെ ഐതിഹ്യങ്ങളിൽ തെങ്ങ്. കേരളമെന്ന പേരിൽ, നമ്മുടെ ഭൂപ്രകൃതിയിൽ, ആചാരാനുഷ്ഠാനങ്ങളിൽ, ഗൃഹനിർമ്മാണത്തിൽ, കറിക്കൂട്ടുകളിൽ, ദേഹകാന്തിയിൽ, ഔഷധങ്ങളിൽ, അട്ടപ്പകളിൽ ഒക്കെ തെങ്ങും തെങ്ങുൽപ്പന്നങ്ങളും ഒഴിവാക്കാനാവാത്ത ഘടകങ്ങളായിരുന്നു. തെങ്ങ് എന്ന ഒരൊറ്റ വൃക്ഷത്തെ ഇത്ര മേൽ ഉപകാരപ്പെടുത്തിയ, ഇത്രമേൽ വിശ്വസിച്ച മറ്റൊരു സമൂഹവും ഭൂമിയിലുണ്ടാവില്ല.

സമ്പദ്‌വ്യവസ്ഥയുടെ ആധാരമായി തെങ്ങിനെ നിലനിർത്തിക്കൊണ്ടുതന്നെ തെങ്ങുൽപ്പന്നങ്ങളുടെ ഉപയോഗം വേണ്ടെന്നുവെയ്ക്കുകയായിരുന്നു കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മൾ. നമുക്കു വേണ്ടാത്ത നാളികേരവും ഓലയും മറ്റാരാണ് നമുക്കുവേണ്ടി നമ്മളെ രക്ഷപ്പെടുത്തുക എന്ന



ഫോട്ടോ: സുനിൽകുമാർ സപര്യ

ചോദ്യം കേട്ടില്ലെന്നു നടിക്കാനായിരുന്നു നമുക്കിഷ്ടം. നാളികേരത്തിനു വില കൂടണമെന്നും വെളിച്ചെണ്ണവില കുറയണമെന്നും ഒരുമിച്ചു പ്രാർത്ഥിക്കുന്ന വികൃതബുദ്ധിജീവികളായിരുന്നു നമ്മൾ. ഒരു തുലാം നാളികേരത്തിന് നൂറുരൂപയിലേറെ കിട്ടിയിരുന്നപ്പോൾ തേങ്ങ വിറ്റ് കാശ് വാങ്ങി തൊട്ടടുത്ത കടയിൽ നിന്ന് വെളിച്ചെണ്ണയേക്കാൾ പത്തുരൂപ കുറവുള്ള പാമോയിൽ വാങ്ങി വീട്ടിൽ കൊണ്ടുവരാൻ മടിയില്ലാത്തവരായിരുന്നു നമ്മൾ.

കഴിഞ്ഞതു കഴിഞ്ഞു. കേരളീയനിപ്പോൾ ഒരു തിരിച്ചറിവിന്റെ വഴിയിലാണ്. തെറ്റുകൾ തിരുത്തുന്ന പ്രായശ്ചിത്തപ്രവൃത്തിയിലാണ്. ഇനിയും ഇക്കാര്യത്തിൽ ഒരു നിലപാടെടുക്കാത്തവർ ഇപ്പോൾത്തന്നെ ഈ സമരത്തിൽ പങ്കാളിയാവാൻ തീരുമാനിക്കേണ്ടതുണ്ട്.

☞ നിങ്ങളുടെ വീട്ടിൽ വെളിച്ചെണ്ണയല്ലാതെ മറ്റൊരു പാചക എണ്ണയും ഉപയോഗിക്കില്ലെന്ന് തീരുമാനിക്കുക.

☞ അന്തിവിളക്ക് വെളിച്ചെണ്ണയിൽ തിരിയിട്ട് കൊളുത്തുക.

☞ കോളയും പെപ്സിയും പകരം ഇളനീർ കിട്ടുന്നിടത്തൊക്കെ ഇളനീർ ഉപയോഗിക്കുക.

☞ കുത്തകകളുടെ കുളിസോപ്പുകൾ വേണ്ടെന്നുവയ്ക്കുക. കേരളത്തിലുണ്ടാക്കുന്ന വെളിച്ചെണ്ണസോപ്പുകൾ (ചന്ദ്രിക, ഔഷധി..........) മാത്രം വാ

(ശേഷം അഞ്ചാം പേജിൽ)

# നാളികേരം: നിങ്ങൾക്കു ചെയ്യാവുന്നത്

(1-ാം പേജ് തുടർച്ച)

ങ്ങുക.

☞ നിങ്ങളുടെ അടുത്ത സുഹൃത്തുക്കളേയും ബന്ധുക്കളേയും ഈ നിലപാടെടുക്കാൻ പ്രേരിപ്പിക്കുക.

**നിങ്ങൾ ഒരു കച്ചവടക്കാരനാണെങ്കിൽ --**

☞ നിങ്ങളുടെ കടയിൽ പാമോയിൽ വിൽക്കാതിരിക്കുക.

☞ പാമോയിലിനും കോളകൾക്കും വെളിച്ചെണ്ണ ചേർക്കാത്ത സോപ്പുകൾക്കും എതിരായ ഒരു ബഹിഷ്കരണ തീരുമാനമെടുക്കാൻ നിങ്ങളുടെ സ്ഥലത്തെ വ്യാപാര വ്യവസായസമിതിയുടെ പ്രാദേശിക സമിതിയെ പ്രേരിപ്പിക്കുക.

☞ ഉല്പന്നങ്ങൾ വാങ്ങാൻ വരുന്നവരെ വെളിച്ചെണ്ണസോപ്പും മറ്റും വാങ്ങാൻ പ്രേരിപ്പിക്കുക.

നിങ്ങളുടെ തൊഴിൽ ഹോട്ടലോ ബേക്കറിയോ ആണെങ്കിൽ അവിടെ പാചകാവശ്യത്തിന് വെളിച്ചെണ്ണ മാത്രം ഉപയോഗിക്കുക. അക്കാര്യം ബോർഡെഴുതി തൂക്കുക.

**നിങ്ങൾ ഒരു സാമുദായിക/രാഷ്ട്രീയപ്രവർത്തകനാണെങ്കിൽ -**

☞ പാമോയിലും കോളകളും വെളിച്ചെണ്ണ ചേർക്കാത്ത സോപ്പുകളും ബഹിഷ്കരിക്കാനുള്ള തീരുമാനമെടുക്കാൻ പഞ്ചായത്തിൽ പ്രേരണ ചെലുത്തുക.

☞ ഇക്കാര്യത്തിൽ കഴിയാവുന്ന തരത്തിലെല്ലാം ബോധവൽക്കരണം നടത്തുക.

☞ നിങ്ങൾ പ്രവർത്തിക്കുന്ന പ്രസ്ഥാനത്തേയും ഇത്തരമൊരു നിലപാടെടുക്കാൻ പ്രേരിപ്പിക്കുക.

**നിങ്ങൾ ഒരു കേരകർഷകനാണെങ്കിൽ --**

☞ സമീപപ്രദേശത്തെ കേരകർഷകരുമായി ചേർന്ന് ഒരു കൂട്ടായ്മയുണ്ടാക്കി പാമോയിൽ ബഹിഷ്കരണം, ഇളനീർ വില്പന, വെളിച്ചെണ്ണസോപ്പുകളുടെ ഉപയോഗം എന്നിവ സ്വജീവിതത്തിൽ നടപ്പാക്കാനും അടുത്തവീടുകളിൽ ബോധവൽക്കരണം നടത്താനും തയ്യാറാവുക.

☞ നാളികേരം വാങ്ങൽ, കൊപ്രയാക്കൽ, ആട്ടി വെളിച്ചെണ്ണയുണ്ടാക്കൽ, വെളിച്ചെണ്ണ വീടുകളിലെത്തിച്ചുകൊടുക്കൽ, വെളിച്ചെണ്ണയിൽ കുളിസോപ്പുണ്ടാക്കൽ, വെളിച്ചെണ്ണയിൽ വറവുപലഹാരങ്ങളുണ്ടാക്കൽ, ഇളനീർവില്പന, ചകിരിയും ഓലയും ഒരുമിച്ച് ശേഖരിച്ച് വിൽക്കൽ എന്നീ കാര്യങ്ങൾ ചെയ്യത്തക്ക രീതിയിൽ കേരകർഷകരുടെ കൂട്ടായ്മയെ കർമ്മോന്മുഖരാക്കുക. ഓരോ പഞ്ചായത്തുവാർഡിലും ഈ രീതിയിൽ പ്രവർത്തിക്കുന്ന ഒരു കേരകർഷകസമിതി ഉണ്ടാവുകയാണെങ്കിൽ കേരളത്തിന്റെ മുഖച്ഛായ എങ്ങനെ മാറുമെന്നു ചിന്തിച്ചുനോക്കൂ. തെങ്ങിനു വളമിടൽ, തെങ്ങുകയറ്റം എന്നീ കാര്യങ്ങളും സമിതി ഒരുമിച്ചുനിന്നു ചെയ്താൽ വളരെ ലാഭകരമായിരിക്കും.